# പതിനാലാം കേരള നിയമസഭ
## (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1178** **05.03.2018-ൽ മറുപടിയ്ക്ക്**

**<u>തലശ്ശേരി നിയോജകമണ്ഡലത്തിലെ മത്സ്യബന്ധന- ഹാർബർ വികസന പ്രവൃത്തികൾ</u>**

| ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മത്സ്യബന്ധന-ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ നേതൃത്വത്തിൽ എന്തെല്ലാം വികസന പ്രവൃത്തികളാണ് തലശ്ശേരി നിയോജക മണ്ഡലത്തിൽ നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തിയും ആയതിന്റെ. നിലവിലുള്ള അവസ്ഥയും എന്തെന്ന് തരം തിരിച്ച് വ്യക്തമാക്കാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മത്സ്യബന്ധന ഹാർബർ എഞ്ചിനിയറിംഗ് വകുപ്പിന്റെ നേതൃത്വത്തിൽ തലശ്ശേരി നിയോജക മണ്ഡലത്തിൽ നടത്തിയ പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) തലശ്ശേരി നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾക്ക്, 2018-19 ബജറ്റിൽ മത്സ്യബന്ധന-ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് എത്രയെന്ന് വ്യക്തമാക്കാമോ? | ബി) 2018-19 ബഡ്ജറ്റിൽ ഫിഷറീസ് വകുപ്പിന് തലശ്ശേരി നിയോജക മണ്ഡലത്തിൽ മാത്രമായി തുകയൊന്നും പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ വിവിധ മത്സ്യബന്ധന തുറമുഖങ്ങളുടെ വികസന പ്രവൃത്തികൾക്ക് 43.25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ തലായ് മത്സ്യബന്ധന തുറമുഖവും ഉൾപ്പെടുന്നുണ്ട്. |

**സെക്ഷൻ ആഫീസർ**

# അനുബന്ധം

മത്സ്യബന്ധന ഹാർബർ എഞ്ചിനിയറിംഗ് വകുപ്പിന്റെ നേതൃത്വത്തിൽ തലശ്ശേരി നിയോജക മണ്ഡലത്തിൽ നടത്തിയ പ്രവൃത്തികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | ഭരണാനുമതി തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1. | എരഞ്ഞോളി ഫിഷ് ഫാം വികസനം | 163 | ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ 03.10.2017 ൽ ടെണ്ടർ ചെയ്യുകയും 20.12.2017 ൽ കരാറുകാരനുമായി കരാറിലേർപ്പെട്ട് പ്രവർത്തി പുരോഗമിക്കുകയും ചെയ്യുന്നു. |
| 2. | ഭൂ രഹിത ഭവന രഹിത മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിക്കുന്ന പദ്ധതി, ഭവന നിർമ്മാണ ധനസഹായം | 10 | 46 പേർക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ഭവന നിർമ്മാണ ധനസഹായം 8 പേർക്ക് അനുവദിച്ചു. ചാലിൽ ഗോപാലപേട്ടയിലുള്ള 1.60 ഏക്കർ സ്ഥലത്ത് മത്സ്യത്തൊഴിലാളികൾക്ക് ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്നതിനു നടപടി സ്വീകരിച്ചു വരുന്നു. |
| 4 | തലശ്ശേരി മുനിസിപ്പാലിറ്റിയിലെ ഓലേശ്വരം നിട്ടൂർ തെരു റോഡ് | 32 | പ്രവൃത്തി പൂർത്തീകരിച്ചു |
| 5 | ന്യൂമാഹി ഗ്രാമപഞ്ചായത്തിലെ പരിമഠം ന്യൂമാഹി എഫ്.എൽ.സി റോഡിന്റെ നവീകരണ പ്രവർത്തി | 39 | പ്രവൃത്തി പൂർത്തീകരിച്ചു |
| 6 | ചൊക്ലി ഗ്രാമപഞ്ചായത്തിലെ ഒളവിലം പാത്തിക്കൽ മോന്താൽ കടവ് റോഡ് ഫേസ്-1 | 85.11 | പ്രവൃത്തി പുരോഗമിച്ചുവരുന്നു. 60% പൂർത്തീകരിച്ചു. |
| 7 | ചൊക്ലി ഗ്രാമപഞ്ചായത്തിലെ പാത്തിക്കൽ മോന്താൽ കടവ് റോഡ് ഫേസ്-2 | 93.70 | പ്രവൃത്തി പുരോഗമിച്ചുവരുന്നു. 40% പൂർത്തീകരിച്ചു. |
| 8 | തലശ്ശേരി മുനിസിപ്പാലിറ്റിയിലെ തലായി ഹാർബർ ചാലിൽ ഗോപാലപേട്ട മത്സ്യബന്ധന കേന്ദ്രം എന്നിവയെ ബന്ധിപ്പിക്കുന്ന ലിങ്ക് റോഡിന്റെ നിർമ്മാണം | 268.60 | പ്രവൃത്തി പുരോഗമിച്ചുവരുന്നു. 10% പൂർത്തീകരിച്ചു. |
| 9 | തലായി മത്സ്യബന്ധന തുറമുഖ പദ്ധതി | 3479.50 | പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. 88% നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**